(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തു നിലവിലുള്ള വ്യവസ്ഥകൾ വച്ചുകൊണ്ട് ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിയമം കൊണ്ടുവരാൻ തയ്യാറാകുമോ?

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി)&(സി) 1975-ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ നേരിട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, മേൽനിയമം റദ്ദാക്കിക്കൊണ്ട് 1999-ൽ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം നടപ്പിലാക്കിയിട്ടുണ്ട്. മേൽ നിയമ പ്രകാരം 1.1.1980-നും 24.1.1986-നും ഇടയ്ക്കുള്ള ഭൂമി കൈമാറ്റത്തിലെ 2 ഹെക്ടറിൽ കൂടുതലുള്ള ഭൂമി പട്ടികവർഗ്ഗക്കാരന് തിരിച്ചു നൽകാനും 24.1.1986-നുശേഷമുള്ള കൈമാറ്റത്തിലെ മുഴുവൻ ഭൂമിയും കൈവശക്കാരനിൽനിന്നും തിരിച്ചുകൊടുക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇനി മുതൽ ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കുവാനും, അത് കർശനമായി പാലിക്കുവാനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

21 (*277) ഖാദി തൊഴിലാളികൾക്ക് ഇൻഷുറൻസ്

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇൻഡ്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് ഖാദി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതായി സർക്കാരിന് അറിവുണ്ടോ;

(സി) ഖാദി തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പിനായുള്ള പണം എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് സർക്കാർ സാമ്പത്തിക സഹായം നൽകേണ്ടി വരുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇൻഷ്വറൻസ് പ്രീമിയം എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രീമിയം തുക എപ്രകാരം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഖാദി തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ) ഉണ്ട്. സംസ്ഥാനത്ത് ഖാദി ബോർഡിന്റെ കീഴിലും ഖാദി കമ്മീഷന്റെ കീഴിലും ഉള്ള ഖാദി സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 13,000 തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതി 1.6.1999 മുതൽ നിലവിൽവന്നു.

(ബി) മറ്റു സംസ്ഥാനങ്ങളിൽ ഖാദി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയതായി അറിവില്ല.

(സി) ഇൻഷ്വറൻസ് പദ്ധതിക്ക് ആവശ്യമായ പ്രീമിയം തുക 1998-99 വർഷം എറണാകുളത്തു വച്ച് (1998 ഡിസംബർ 19 മുതൽ 1999 ജനുവരി 15 വരെ) ബോർഡ് നടത്തിയ ഖാദി എക്സിബിഷനിൽ നിന്ന് മിച്ചം കിട്ടിയ തുകയിൽ നിന്ന് സ്വരൂപിച്ചു.

(ഡി) ഇല്ല.

(ഇ) ഉണ്ട്. പ്രതിവർഷം സർവ്വീസ്ടാക്സ് ഉൾപ്പെടെ ഒരു തൊഴിലാളിക്ക് 30 രൂപ ക്രമത്തിൽ 3,90,000 രൂപ (മൂന്നു ലക്ഷത്തിതൊണ്ണൂറായിരം) ഇൻഷ്വറൻസ് പ്രീമിയം ആയി കണക്കാക്കിയിട്ടുണ്ട്.

(എഫ്) പ്രീമിയം തുക എക്സിബിഷനിൽ നിന്ന് മിച്ചം കിട്ടിയ തുകയിൽ നിന്നും സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ജി) 1.6.1999 മുതൽ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നുകഴിഞ്ഞു.

22 (*278) ഫയൽ കാണാതായ സംഭവം

ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരിൽ ആരെങ്കിലും അച്ചടക്ക നടപടിയോ, വിജിലൻസ് അന്വേഷണങ്ങൾക്കോ വിധേയരായിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച ഫയലുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും കാണാതായ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര ഫയലുകൾ കാണാതായിട്ടുണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) കാണാതായ ഫയലുകൾ കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly